"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - നിയമനാംഗീകാരം - കണ്ണൂർ ജില്ലയിലെ ശ്രീനാരായണ വിലാസം സീനിയർ ബേസിക് സ്കൂൾ പുന്നോൽ പാർട്ട് ടൈം സംസ്കൃതം അധ്യാപിക (റിട്ട.) ശ്രീമതി. സബിത വള്ളിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3294/2026/GEDN തീയതി,തിരുവനന്തപുരം, 13-05-2026

---

പരാമർശം:-

1. കണ്ണൂർ, ശ്രീനാരായണ വിലാസം സീനിയർ ബേസിക് സ്കൂൾ പുന്നോൽ പാർട്ട് ടൈം സംസ്കൃതം അധ്യാപിക (റിട്ട.) ശ്രീമതി. സബിത വള്ളിൽ സമർപ്പിച്ച റിവിഷൻ ഹർജി.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16/04/2025-ലെ DGE/ 11703/2023-G4 നമ്പർ കത്ത്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ പുന്നോലിൽ ശ്രീനാരായണ വിലാസം സീനിയർ ബേസിക് സ്കൂളിൽ 2007 ജൂൺ 4-ന് വിരമിക്കൽ ഒഴിവിലുണ്ടായ ഫുൾടൈം സംസ്കൃത അധ്യാപിക തസ്തികയിൽ നിയമിക്കപ്പെട്ട സബിത വള്ളിലിന്, തന്റെ നിയമനാംഗീകാരവും ഗ്രൂപ്പ് സി ആനുകൂല്യങ്ങളും നിഷേധിക്കപ്പെട്ടതിനെതിരെ പരാമർശം (1) പ്രകാരം റിവിഷൻ ഹർജി സർക്കാരിൽ ലഭ്യമാക്കിയിരുന്നു. മതിയായ കുട്ടികളുണ്ടായിട്ടും (2007-08 വർഷത്തിൽ 32 കുട്ടികൾ) ഫുൾടൈം തസ്തികയെ പാർട്ട്ടൈം ആക്കി മാറ്റിയ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ക്രമവിരുദ്ധമാണെന്ന് ഹർജിയിൽ ചൂണ്ടിക്കാട്ടുന്നു. 2007 മുതൽ 2011 വരെയുള്ള കാലയളവിൽ ഫുൾടൈം ആയി ജോലി ചെയ്തിട്ടും യാതൊരു ആനുകൂല്യങ്ങളും ലഭിച്ചില്ലെന്നും, 2011 മുതലാണ് പാർട്ട്ടൈം ആയിട്ടെങ്കിലും നിയമനാംഗീകാരം ലഭിച്ചതെന്നും ഹർജിയിൽ വ്യക്തമാക്കുന്നു. സ്റ്റാറ്റ്യൂട്ടറി നിയമപ്രകാരമുള്ള നിയമനങ്ങൾക്ക് സർക്കാർ സർക്കുലറുകളേക്കാൾ മുൻഗണനയുണ്ടെന്ന ഹൈക്കോടതി വിധി (അപർണ മോഹൻ കേസ്) ഹർജിക്കാരി തന്റെ വാദത്തിന് ആധാരമായി ചൂണ്ടിക്കാണിക്കുന്നു. ഗ്രൂപ്പ് സി ഡൈവേഴ്ഷൻ ആനുകൂല്യങ്ങൾ നിർത്തലാക്കിയത് 2011 മുതൽ മാത്രമാണെന്നും, അതിനുമുമ്പുള്ള നിയമനങ്ങൾക്ക് ഫുൾടൈം ആനുകൂല്യം നൽകണമെന്ന മുൻ കോടതി വിധികൾ തനിക്കും ബാധകമാക്കണമെന്നും സബിത ആവശ്യപ്പെടുന്നു. 2007 മുതലുള്ള നിയമനം ഫുൾടൈം ആയി അംഗീകരിച്ച്, കുടിശ്ശിക അനുവദിക്കണമെന്നും 2023-ൽ വിരമിച്ച തനിക്ക് മിനിമം പെൻഷൻ ഉറപ്പാക്കണമെന്നുമാണ് ഹർജിയിലെ പ്രധാന ആവശ്യം.

2). റിവിഷൻ ഹർജിയിന്മേൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം താഴെ പറയും പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

2007 മാർച്ച് 31-ന് മുൻ അധ്യാപിക വിരമിച്ചതിനെത്തുടർന്നുണ്ടായ ഒഴിവിൽ 2007 ജൂൺ 4

മുതൽ സബിത വള്ളിയിലിനെ മാനേജർ നിയമിച്ചിരുന്നു. എന്നാൽ, പ്രസ്തുത സ്കൂളിൽ മതിയായ കുട്ടികളില്ലാത്തതിനാലും (Uneconomic School), ഇത്തരം ഒഴിവുകളിൽ സംരക്ഷിത അധ്യാപകരെ നിയമിക്കണമെന്ന സർക്കാർ ഉത്തരവ് നിലവിലുള്ളതിനാലും ഈ നിയമനത്തിന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ അംഗീകാരം നൽകിയിരുന്നില്ല. പിന്നീട് 2011-ലെ അധ്യാപക പാക്കേജിന്റെ ഭാഗമായാണ് 2011 ജൂൺ 1 മുതൽ ഇവർക്ക് പാർട്ട് ടൈം സംസ്കൃതം അധ്യാപികയായി നിയമന അംഗീകാരം ലഭിച്ചത്. നേരത്തെ ഈ സ്കൂളിൽ 'ഗ്രൂപ്പ് സി' ഡൈവേർഷൻ വഴി ഫുൾ ടൈം തസ്തിക നിലവിലുണ്ടായിരുന്നെങ്കിലും, പ്രസ്തുത അധ്യാപിക വിരമിച്ചതോടെ നിയമപ്രകാരം അത് പാർട്ട് ടൈം തസ്തികയായി മാറി. സബിത വള്ളിയിൽ തന്റെ വിരമിക്കലിന് ഏതാനും മാസങ്ങൾക്ക് മുമ്പ് മാത്രമാണ് പരാതിയുമായി അധികൃതരെ സമീപിച്ചത്. അധ്യാപക പാക്കേജിന്റെ ഭാഗമായി നിയമന അംഗീകാരം ലഭിച്ചവർക്ക് മുൻകാല പ്രാബല്യത്തോടെ (Retrospective effect) അംഗീകാരം നൽകുന്നതിന് നിലവിൽ ഉത്തരവുകളൊന്നും ലഭ്യമല്ലെന്ന് റിപ്പോർട്ട് വ്യക്തമാക്കുന്നു.

3) സർക്കാർ പ്രസ്തുത വിഷയം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും, നിലവിലുള്ള ഉത്തരവുകൾ, ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീമതി. എ.കെ. രാധ 31/03/2007-ന് വിരമിച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ 04/06/2007 മുതൽ ഫുൾ ടൈം സംസ്കൃതം അധ്യാപികയായി ശ്രീമതി. സബിത വള്ളിയിലിനെ മാനേജർ നിയമിച്ചിരുന്നു. എന്നാൽ പ്രസ്തുത സ്കൂൾ കെ.ഇ.ആർ. അധ്യായം ചട്ടം 22 A പ്രകാരം മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളാണ്. ഇത്തരം സ്കൂളുകളിലുണ്ടാകുന്ന ഒഴിവുകളിൽ സംരക്ഷിത അധ്യാപകരെ നിയമിക്കണമെന്ന് ജി.ഒ.(പി)നം.259/2006/പൊ.വി.വ. തീയതി 12/10/2006 പ്രകാരം ഉത്തരവായിരുന്നു. അതിനാൽ നിയമനം നിരസിക്കപ്പെട്ടു. പിന്നീട് 01/10/2011 തീയതിയിലെ G.O.(P)No.199/2011/G.Edn ഉത്തരവ് പ്രകാരമുള്ള അധ്യാപക പാക്കേജിന്റെ ഭാഗമായി ടിയാളുടെ നിയമനം 01/06/2011 മുതൽ പാർട്ട് ടൈം സംസ്കൃതം അധ്യാപികയായി അംഗീകരിച്ച് നൽകി. 04/06/2007 മുതൽ ഗ്രൂപ്പ് (സി) ആനുകൂല്യങ്ങളോടെ ഫുൾടൈം സംസ്കൃതാദ്ധ്യാപികയായി നിയമനാംഗീകാരവും മറ്റ് അനുവദനീയമായ ആനുകൂല്യങ്ങളും അനുവദിച്ച്, 31/03/2023 ന് റിട്ടയർ ചെയ്ത ഹർജിക്കാരിക്ക് മിനിമം പെൻഷൻ ലഭിക്കാനുള്ള സാഹചര്യമൊരുക്കണമെന്നതാണ് ആവശ്യം.

4). മതിയായ വിദ്യാർത്ഥികളില്ലാത്ത വിദ്യാലയങ്ങളിലെ ഒഴിവുകളിൽ 12/10/2006-ലെ സ.ഉ(പി)നം. 259/2006/പൊ.വി.വ ഉത്തരവ് പ്രകാരം സംരക്ഷിത അധ്യാപകരെയാണ് നിയമിക്കേണ്ടത്. പ്രസ്തുത വ്യവസ്ഥയിൽ ഇളവ് അനുവദിച്ചുകൊണ്ട് ശ്രീമതി. സബിത വള്ളിയിലിന്റെ 04/06/2007 മുതലുള്ള നിയമനം അംഗീകരിക്കാനോ, 'Onward Appointment' നൽകാനോ നിലവിലുള്ള ചട്ടപ്രകാരം സാധ്യമല്ല. ഈ സാഹചര്യത്തിൽ, 04/06/2007 മുതൽ ഗ്രൂപ്പ് (സി) ആനുകൂല്യങ്ങളോടെ ഫുൾടൈം സംസ്കൃത അധ്യാപികയായി നിയമനാംഗീകാരവും തുടർ ആനുകൂല്യങ്ങളും നൽകി മിനിമം പെൻഷൻ അനുവദിക്കണമെന്ന പരാമർശം (1) റിവിഷൻ ഹർജിയിലെ ആവശ്യം പരിഗണനാർഹമല്ലാത്തതിനാൽ പ്രസ്തുത ആവശ്യം നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അശ്വതി കെ

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, കണ്ണൂർ
ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തലശ്ശേരി (സൗത്ത്)
ശ്രീമതി.സബിത വളളിൽ, റിട്ടയേർഡ് പാർട്ട് ടൈം സംസ്കൃതാദ്ധ്യാപിക, ശ്രീനാരായണ വിലാസം സീനിയർ ബേസിക് സ്കൂൾ, പുന്നോൽ, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
Date: 14-05-2026 11:12:53

സെക്ഷൻ ഓഫീസർ